(ബി) നിലവിലുള്ള സർക്കാർ ഉത്തരവു പ്രകാരം (25-4-2003-ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) 23/2003/വനം) വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം നൽകിയിട്ടുള്ളത് ആദിവാസി വനസംരക്ഷണ സമിതികൾക്കാണ്.

(സി) വനവിഭവശേഖരണം നടത്തുന്നതിനുള്ള ആദിവാസികളുടെ അവകാശം സർക്കാർ എടുത്തുകളഞ്ഞിട്ടില്ല.

കാർഷിക കയറ്റുമതി മേഖലകൾ

17 (*227) ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. എം. മുരളി :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇതുവരെ ഏതെല്ലാം കാർഷികോൽപ്പന്നങ്ങളുടെ കാർഷിക കയറ്റുമതി മേഖലകൾ രൂപീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇനി ഏതെല്ലാം ഉല്പന്നങ്ങൾക്കുള്ള കാർഷിക കയറ്റുമതി മേഖലകൾ കൂടി രൂപീകരിക്കാനുദ്ദേശിക്കുന്നു ;

(സി) കാർഷിക കയറ്റുമതി മേഖലകൾ മുഖേനയുള്ള പ്രയോജനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) പച്ചക്കറികൾ, വാഴ, കൈതച്ചക്ക എന്നിവയുടെ കാർഷിക കയറ്റുമതി മേഖലയാണ് ഇതുവരെ രൂപീകരിച്ചിട്ടുള്ളത്.

(ബി) ഔഷധസസ്യങ്ങൾ, സുഗന്ധവിളകൾ, പുഷ്പക്കൃഷി എന്നിവയുടെ കാർഷിക കയറ്റുമതി മേഖലകൾ കൂടി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ട്.

(സി) കാർഷികോല്പന്നങ്ങളുടെ കയറ്റുമതി മെച്ചപ്പെടുത്തി കർഷകർക്ക് സുസ്ഥിരമായ ആദായം ലഭ്യമാക്കുക എന്നതാണ് കാർഷിക കയറ്റുമതി മേഖലയുടെ പ്രധാന ഉദ്ദേശ്യം (വിശദീകരണ കുറിപ്പ് കാണുക).*

കാർഷികോല്പാദനം വർദ്ധിപ്പിക്കാൻ നടപടി

18 (*228) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികമേഖലയിലെ വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് ഈ വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം കൃഷികൾക്കാണ് പ്രസ്തുത തുക അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) കേരളത്തിൽ കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിൽ ഒൻപതാം പഞ്ചവത്സര പദ്ധതി ലക്ഷ്യം കൈവരിച്ചില്ലെന്ന് ആസൂത്രണ ബോർഡിന്റെ പഠനം വ്യക്തമാക്കിയിട്ടുണ്ടോ ;

(ഡി) കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നൂതന മാർഗ്ഗങ്ങളാണ് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) 2003-2004 സാമ്പത്തികവർഷം കേന്ദ്രസർക്കാർ സംസ്ഥാനത്ത് ഇതുവരെ അനുവദിച്ച പദ്ധതികളും തുകയും താഴെ ചേർക്കുന്നു.

1. മാക്രോ മാനേജ്മെന്റ് പദ്ധതി - 32.22 കോടി രൂപ ഇതിൽ 29.00 കോടി രൂപ കേന്ദ്രവിഹിതമാണ്.
2. പയറുകൃഷി വികസനം - 4 ലക്ഷം രൂപ 3 ലക്ഷം രൂപ കേന്ദ്ര വിഹിതം.
3. ടെക്നോളജി മിഷൻ പ്രകാരം എണ്ണക്കുരുവികസനം 12 ലക്ഷം രൂപ, ഇതിൽ 9 ലക്ഷം രൂപ കേന്ദ്ര വിഹിതം
4. എണ്ണപ്പന കൃഷി വികസനം - 8 ലക്ഷം രൂപ, 6 ലക്ഷം രൂപ കേന്ദ്ര വിഹിതം.

ഇതിനുപുറമേ കഴിഞ്ഞ സാമ്പത്തിക വർഷാവസാനം അനുവദിച്ചതും എന്നാൽ നടപ്പാക്കാൻ കഴിയാത്തതുമായ താഴെ പറയുന്ന പദ്ധതികളും ഈ വർഷം നടപ്പിലാക്കുന്നുണ്ട്.

1. ബയോഫെർട്ടിലൈസർ വികസന പ്രോജക്ട് - 5 ലക്ഷം രൂപ.
2. തെങ്ങ് കൃഷിക്കായുള്ള ടെക്നോളജി മിഷൻ - 367.8775 ലക്ഷം രൂപ. ഇതിൽ 188.40 ലക്ഷം രൂപ കേന്ദ്ര വിഹിതം.

(ബി) നെല്ല്, തെങ്ങ്, കുരുമുളക്, കശുമാവ്, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പു, ജാതി, കുടമ്പുളി, വാനില, കറുകപ്പട്ട, പച്ചക്കറി, വാഴ, കൈതച്ചക്ക, മാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ, ഔഷധസസ്യങ്ങൾ പയർ, നിലക്കടല, എള്ള്, എണ്ണപ്പന, പുഷ്പങ്ങൾ എന്നിവയുടെ കൃഷിക്കാണ് തുക അനുവദിച്ചിട്ടുള്ളത്.

(സി) ഉണ്ട്. ആസൂത്രണ ബോർഡ് പുറത്തിറക്കിയ "ഇക്കണോമിക് റിവ്യൂ 2002"-ൽ സംസ്ഥാനത്ത് പല വിളകളുടെയും ഉല്പാദന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സാമ്പത്തിക വർഷത്തിൽ കാർഷികോല്പാദന വർദ്ധനവിനായി താഴെ പറയുന്ന നൂതന മാർഗങ്ങൾ സ്വീകരിക്കുവാൻ കൃഷി വകുപ്പ് തീരുമാനിച്ചിരിക്കുന്നു.

1. നെല്ല്, തെങ്ങ് മുതലായ പ്രധാനവിളകളെ അടിസ്ഥാനമാക്കിയുള്ള സമഗ്ര കൃഷി സമ്പ്രദായം നടപ്പിലാക്കുക വഴി പരമാവധി ആദായം ഉറപ്പാക്കുക.

2. നീർമറി പ്രദേശ വികസനം

3. പ്രകൃതി വിഭവങ്ങളുടെ പരിപാലനവും സുസ്ഥിത കൃഷി പ്രോത്സാഹിപ്പിക്കലും.

4. തരിശ് ഭൂമി വികസനം.

5. അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങളുടെ നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും പ്രോത്സാഹിപ്പിക്കൽ.

6. ജൈവ സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള ഉല്പാദന വർദ്ധനവു പ്രോത്സാഹിപ്പിക്കൽ.

7. വീട്ടുവിളപ്പിലെ കൃഷി ശാസ്ത്രീയമായി പരിപോഷിപ്പിച്ച് ഊർജിതപ്പെടുത്തുക.

8. ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.

9. കൃഷിയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കൽ.

10. ജല ലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ സ്പ്രിംഗ്ലർ കണിക ജല സേചന മാർഗങ്ങൾ സ്വീകരിക്കുക.

11. കാർഷിക മേഖലകളിൽ സംജാതമായിട്ടുള്ള നൂതന കാർഷിക സാങ്കേതിക മുറകൾ സ്വീകരിച്ചു കൊണ്ടുള്ള ഹൈ-ടെക് കാർഷിക സംരംഭങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

12. കൃഷി ഉദ്യോഗസ്ഥന്മാർ ആഴ്ചതോറും കർഷക ഗ്രൂപ്പുകൾ സന്ദർശിച്ച് നൂതന കാർഷിക സാങ്കേതിക മുറകളെക്കുറിച്ചുള്ള അവബോധം വളർത്തുക, കാർഷിക പദ്ധതികളെക്കുറിച്ചുള്ള പരിജ്ഞാനം നൽകുക, പ്രാദേശിക പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുക.

13. അഗ്രികൾച്ചറൽ എക്സ്പോർട്ട് സോൺ സ്ഥാപിക്കുക വഴി പച്ചക്കറി, വാഴപ്പഴം, കൈതച്ചക്ക തുടങ്ങിയവ അധികോല്പാദനം നടത്തി കയറ്റുമതി പ്രോത്സാഹിപ്പിക്കുക.

14. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി വിവിധ ദൃശ്യശ്രവ്യ മാധ്യമങ്ങളുടെ സഹായത്തോടെ നൂതന സാങ്കേതിക വിദ്യകൾ കർഷകർക്ക് പകർന്നു കൊടുക്കുക.

LIBRARY ARCHIVES Kerala Legislative Assembly